# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ റ്റി എം പി14/952/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ റ്റി എം പി14/952/2021 തീയ്യതി: 26/08/2021

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി.ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഷാജിമോൻ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ജെ. സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ. കെ.സി. ജെയിംസ് | പ്രസിഡന്റ് | 12-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാറാമ്മ ജോസഫ് | സെക്രട്ടറി | 01-04-2020 | 24-05-2020 |
| പയസ് ജെ വലിയവീട്ടിൽ | സെക്രട്ടറി ഇൻ ചാർജ് | 25-05-2020 | 30-05-2020 |
| ആർ.രാജീവ് | സെക്രട്ടറി | 01-06-2020 | 18-06-2020 |
| കെ.സാബുമോൻ | സെക്രട്ടറി | 18-06-2020 | 31-03-2021 |
| ഡോ.ബിബിരാജ് | മെഡിക്കൽ ഓഫീസർ, പി എച്ച്സി | 01-04-2020 | 31-03-2021 |
| പുഷ്ക്കല | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 20-11-2020 |
| ജ്യോതി എസ് കുമാർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-11-2020 | 31-03-2021 |
| ഹണി ലിസ ചാക്കോ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഗ്രീഷ്മ.കെ.ആർ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.അനീഷ്ശർമ്മ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 08-03-2021 |
| ഡോ. പത്മനാഭൻ എ.ജി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 09-03-2021 | 31-03-2021 |
| ഡോ.ബിജു.കെ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| അർജുൻ മോഹൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സൗമ്യ ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.11.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 11 | ലൈസൻസ് | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് | 1-13 |
| 14 | പ്രവർത്തനമില്ലാത്ത പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് വൈദ്യുതി ചാർജ് അടവാക്കുന്നു | 1-14 |
| 15 | വയോജന സൗഹൃദം കട്ടിൽ വിതരണം - പ്രോജക്റ്റ് അപാകതകൾ | 1-15 |
| 16 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് വാങ്ങി നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-16 |
| 17 | വീട് വാസയോഗ്യമാക്കൽ (എസ്.സി) -പണി പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 18 | വീട് വാസയോഗ്യമാക്കൽ ( പട്ടിക വർഗ്ഗം) - പണി പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 19 | കറണ്ട് ചാർജ് -ബില്ല്-രസീത് ഹാജരാക്കിയില്ല | 1-19 |
| 20 | മരാമത്ത് പ്രവൃത്തിയിൽ കരാർ വയ്ക്കുന്നതിൽ കാലതാമസം | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - വാങ്ങിയ ലൈറ്റ് വിതരണം നടത്തിയതായോ ഇൻസ്റ്റാൾ ചെയ്തതായൊ രേഖയില്ല. | 1-21 |
| 22 | അംഗനവാടിഹാളുകൾക്ക് കസേരവാങ്ങൽ - വാങ്ങിയ കസേരകൾ വിതരണം നടത്താതെ പഞ്ചായത്ത് ഹാളിൽ സൂക്ഷിച്ചിരിക്കുന്നു. | 1-22 |
| 23 | നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-23 |
| 24 | ചെലവ് വിവരങ്ങൾ ലഭ്യമല്ല. | 1-24 |
| 25 | മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-25 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 17.2.2021ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4492025 | 7510789 |
| വരവ് | 141332896 | 57592671 |
| ആകെ | 145824921 | 65103460 |
| ചെലവ് | 141139196 | 55440500 |
| നീക്കിയിരിപ്പ് | 4685725 | 9662960 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4) വാടക, ലേലം സംബന്ധിച്ച രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
5) ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 5491/- രൂപയുടെ വരവ് വാർഷികകണക്കുകളിലെ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ പ്രതിഫലിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7510789 |
| ഓഡിറ്റ് വർഷത്തെ വരവ് | 57592671 |
| ആകെ | 65103460 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 55440500 |
| നീക്കിയിരിപ്പ് | 9662960 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6445995 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 8491861 | 8491861 | 8436309 | 55552 | 99.3 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 979000 | 979000 | 742202 | 236798 | 75.8 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 812000 | 812000 | 692764 | 119236 | 85.3 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16267000 | 16267000 | 16245899 | 21101 | 99.87 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456681 | 3456681 | 3449349 | 7332 | 99.78 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 6806492 | 6806492 | 6079761 | 726731 | 89.3 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 3040000 | 3040000 | 1205293 | 1834707 | 39.6 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 10053 | 16034605 | 16044658 | 16032049 | 12609 | 99.92 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 412164 | 396688 | 808852 | 500000 | 308852 | 61.8 |
| ശുചിത്വമിഷൻ ഗ്രാന്റ് | 297477 | 1173894 | 1471371 | 861851 | 609520 | 58.57 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, ടി.എസ്.പി. വിഹിതങ്ങളിൽനിന്ന് യഥാക്രമം 1784102/-രൂപ, 58509/-രൂപ വീതം കുറവുചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 270/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 585451 | വികസനഫണ്ട് പൊതുവിഭാഗം |
| 274/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 585451 | വികസനഫണ്ട് പൊതുവിഭാഗം |
| 271/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 29255 | ടി.എസ്.പി. |
| 275/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 29254 | ടി.എസ്.പി. |
| 202/20<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 276/20 | 204400 | വികസനഫണ്ട് |

| | | |
|---|---|---|
| അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | | പൊതുവിഭാഗം |
| 277/20 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. പിന്നീട് അത് റദ്ദ് ചെയ്യുകയും തുക പിന്നീട് അനുവദിക്കുന്നതാണ് എന്നും ഉത്തരവായിരുന്നു. എന്നാൽ 35319 രൂപ കുറച്ചാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 27.12.2019 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 18.01.2020 മുതൽ 05.2..2020 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 06.03.2020ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 26.08.2020 ലും ഊരുകൂട്ടം 04.02.2020 ലും ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 22.01.2021 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 18.02.2021 ലെ 80898/20/DPC/ DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 219 | 130013021 | 181 | 44013941 | 38 | 82.64 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 1650155 | 9 | 1409300 |
| വെറ്റിനറി സർജൻ | 6 | 1736000 | 6 | 1483900 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10 | 3982227 | 9 | 2213281 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 567000 | 3 | 555840 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 350000 | 2 | 350000 |
| വി.ഇ.ഒ | 32 | 77298653 | 28 | 7476226 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4650094 | 4 | 2529973 |
| സെക്രട്ടറി | 37 | 11292789 | 32 | 7523917 |
| അസിസ്റ്റന്റ് എൻജിനീയർ | 109 | 27407593 | 83 | 19742994 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 1078510 | 4 | 728510 |
| ആകെ | 219 | 130013021 | 181 | 44013941 |

ലക്ഷ്യം കൈവരിച്ചില്ല. 3001457/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2020-21 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3001457/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 8491861 | 8436309 | 55552 |
| വികസന ഫണ്ട് (എസ്.സി.പി) | 979000 | 742202 | 236798 |
| വികസന ഫണ്ട് (ടി.എസ്.പി) | 812000 | 692764 | 119236 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16267000 | 16245899 | 21101 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3492000 | 3484668 | 7332 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 6806492 | 6079761 | 726731 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 3040000 | 1205293 | 1834707 |
| ആകെ | | | 3001457 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 30 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 172 പ്രോജക്ടുകളിൽ 137 എണ്ണം മാത്രം തൻവർഷം പൂർത്തിയാക്കി. 42749 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 223 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആട്ടിൻകൂടി നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, പട്ടുതാക്കളം, കയ്യാല നിർമ്മാണം. ലൈഫ് ഭവനം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 10053 |
| | കൃഷ് വരവ് | 382824 | |

| | | | |
|---|---|---|---|
| വരവ് | ഇ.എഫ്.എം.എസ്. വരവ് അൺ സ്കിൽഡ് | 12545226 | |
| | സ്കിൽഡ് | 203286 | |
| | മെറ്റീരിയൽ | 2900713.54 | |
| | ബാങ്ക് പലിശ | 2556 | |
| | തനത് ഫണ്ട് | 592583 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 153000 | |
| ആകെ | | | 16790241.54 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12545226 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 203286.00 | |
| | മെറ്റീരിയൽ | 2900713.54 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 153000 | |
| | തനത് ഫണ്ട് തിരികെ | 382824 | |
| | | | 16777632.54 |
| നീക്കിയിരിപ്പ് | | | 12609.00 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17280 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 2574000 | 1050 |
| വിധവാപെൻഷൻ | 4332500 | 1727 |
| വാർദ്ധക്യകാലപെൻഷൻ | 11638300 | 4733 |
| വികലാംഗപെൻഷൻ | 2050100 | 815 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 301700 | 126 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-07-2021 3 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2825/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുതെ തൃപ്തികരമാണ്. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

4) പഞ്ചായത്ത് ജീവനക്കാർക്ക് ഓഫീസ് ഉത്തരവിലൂടെ ജോലി നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും വാർഷികമായോ ദ്വൈവാർഷികമായോ ജോലി മാറ്റി നൽകുന്നില്ല.

5) കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിലേതാണ്. എൽ.ബി.എ (എച്ച് ക്യൂ)11/8A-2781/380 -തീയതി 12.04.18 നമ്പരായ പ്രസ്തുത റിപ്പോർട്ടിൽ 27 പരാമർശങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്.

## 1-11 ലൈസൻസ്

2020-21 സാമ്പത്തിക വർഷം 108 സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം 130 സ്ഥാപനങ്ങളും, 2018-19 വർഷം 146 സ്ഥാപനങ്ങളും, ലൈസൻസ് നേടിയിരുന്നു.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണം/വിൽപ്പന ക്രമനം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും അബ്കാരി ഷാപ്പുകളും ലൈസൻസെടുത്തിട്ടില്ലെന്ന് കാണുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 146 സ്ഥാപനങ്ങൾ ലൈസൻസെടുത്തിരുന്നു. 2019-20 ൽ ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 130 ആയും, 2020-21 സാമ്പത്തിക വർഷം 108 സ്ഥാപനങ്ങളായും കുറഞ്ഞു. വാണിജ്യാവശ്യത്തിനായി പെർമിറ്റെടുത്ത് നിർമിച്ച് വസ്തുനികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം ഓരോ വർഷവും കൂടി വരുന്നുണ്ടെങ്കിലും ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ, വ്യവസായ , ഇതര ആവശ്യങ്ങൾക്കായി 615 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ആയത് വർഷാവർഷം പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്

താഴെപ്പറയുന്ന റിസോർട്ടുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി 2019-20ലും 2020-21ലും ഈടാക്കിയതായി കാണിന്നില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | വാർഡ് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| റോയൽ വാഗാ റിസോർട്ട് | VII/12A | 5 | 48 മുറികൾ |
| വിന്റർ വെയിൽ ഗ്രീൻസ്റ്റേ | VII/279 To 282 | 10 | മുറികളുടെ എണ്ണം വ്യക്തമല്ല |
| ഫോഗി നോട്ട്സ് റിസോർട്ട് | VII/272 | 7 | 32 മുറികൾ |
| മൗണ്ടൻ വില്ല | VII/242 | 3 | മുറികളുടെ എണ്ണം വ്യക്തമല്ല |

മേൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം സംബന്ധിച്ച്

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ ലോഡ്ജ് എന്ന ഉപയോഗക്രമത്തിന് നിരവധി കെട്ടിടങ്ങൾ നികുതി നിർണ്ണയംനടത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ പ്രസ്തുത കെട്ടിടങ്ങളിൽ അടുക്കള, ഡയനിംഗ് മുതലായവ നിർമ്മിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ വിവരം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിവരണം |
|---|---|---|---|
| 1 | V11-276-C | സിജോ.കെ.ജോസഫ്, കല്ലുപുരക്കൽ | മൂന്ന് ബഡ് റൂം, ഡയനിംഗ്, അടുക്കള, ലിവിംഗ് ഏറിയ |
| 2 | V11-276D | സിജോ.കെ.ജോസഫ്, കല്ലുപുരക്കൽ | ബഡ് റൂം, ഹാൾ അടുക്കള, |
| 3 | V11-276 E | സിജോ.കെ.ജോസഫ്, കല്ലുപുരക്കൽ | ബഡ് റൂം, ബാൽക്കണി, സിറ്റ് ഔട്ട് അടുക്കള, |
| 4 | V11-276 | സംഗീത. വി.ജോസ്, പാനായിൽ | ബഡ് റൂം, ഹാൾ അടുക്കള, |

അടുക്കള, ഡയനിംഗ് മുതലായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/20-21 ന് മറുപടി ലഭ്യമാക്കിയില്ല. ലോഡ്ജ് എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ നിരവധി കെട്ടിടങ്ങളെ സംബന്ധിച്ച വിവരം സോഫ്റ്റ് വെയറിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തിയട്ടില്ല .സഞ്ചയ സോഫ്റ്റ് വെയറിൽ പുതിയ നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ട് വാർഡ് V1- 158B, കൊച്ചുത്രേസ്യാതോമസ്, കാഞ്ഞിരക്കാട്ട് എന്നയാളുടെ ഉടമസ്ഥതയിലുള്ള ലോഡ്ജ് എന്ന ഉപയോഗക്രമത്തിനുള്ളകെട്ടിടം അസ്സസ്സ് ചെയ്യുപ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം 10 വർഷം മുതൽ 25 വർഷം വരെ എന്ന് രേഖപ്പെടുത്തി 20% നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് പരിശോധന നടത്തി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പ്രവർത്തനമില്ലാത്ത പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് വൈദ്യുതി ചാർജ് അടവാക്കുന്നു

പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും 1157449008179 എന്ന കൺസ്യൂമർ നമ്പരിൽ വൈദ്യുതി ബിൽ അടച്ചു വരുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഇരിക്കുന്ന മുറിയ്ക്കാണ് ഇത്തരത്തിൽ വൈദ്യുതി ബിൽ അടച്ചുവരുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. നാളിതു വരെയായി യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലാത്ത ഷ്രെഡിംഗ് യൂണിറ്റിരിക്കുന്ന പ്രസ്തുത കണക്ഷന് വേണ്ടി തനതുഫണ്ടിൽ നിന്നും മാസങ്ങളായി വൈദ്യുതി ചാർജിനത്തിൽ തുക അടവാക്കി വരികയാണ്. 2020-21 സാമ്പത്തിക വർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ മാസം | വൗച്ചർ നം./ തീയതി | അടവാക്കിയ തുക |
|---|---|---|---|
| 1 | 5/20 | 22000111/21.5.20 | 2421 |
| 2 | 7/20 | 22000266/29.7.20 | 1844 |
| 3 | 9/20 | 22000413/17.9.20 | 2211 |
| 4 | 11/20 | 22000550/13.11.20 | 901 |
| 5 | 1/21 | 22000782/12.1.21 | 2267 |
| 6 | 3/21 | 22000959/12.3.21 | 2283 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. പ്രവർത്തനക്ഷമമല്ലാത്ത പ്ലാസ്റ്റിക് ഷ്രെഡിംഗ്

യൂണിറ്റിനു വേണ്ടി മാസങ്ങളായി വൈദ്യുതി ചാർജ് അടവാക്കി വന്നിട്ടും കണക്ഷൻ വിച്ഛേദിക്കുന്നതിനോ മിനിമം വൈദ്യുതി ചാർജ് അടവാക്കിക്കൊണ്ട് താൽക്കാലികമായി വിച്ഛേദിക്കുന്നതിനോ തയ്യാറാകാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ തികഞ്ഞ അനാസ്ഥയാണ് വ്യക്തമാക്കുന്നത്. അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിച്ച് തനതു ഫണ്ടിൽ നിന്നുള്ള വരുമാന ചോർച്ച തടയേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വയോജന സൗഹൃദം കട്ടിൽ വിതരണം - പ്രോജക്ട് അപാകതകൾ

2020-21 സാമ്പത്തിക വർഷം വി.ഇ.ഒ. ജനറൽ വിഭാഗത്തിന് കട്ടിൽ വിതരണത്തിനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രോജക്ട് നമ്പർ | ചെലവ്തുക | ഫണ്ടിനം | ബിൽനം, തീയതി |
|---|---|---|---|---|
| ജനറൽ | 216/21 (SO) | 214445/രൂപ | വികസന ഫണ്ട് | 14/28.10.20/ 132566<br>19/11.11.20/ 81879 |
| ജനറൽ | 140/21 | 193950/ | വികസന ഫണ്ട് | 52/31.03.21 |

1) 132/20 എന്ന പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടാണ് 216/21 (SO). 132/20 എന്ന പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 30.01.2020 ലെ 3/2 നമ്പർ തീരുമാനപ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി നേരിട്ട് പരിശോധിച്ചതിന്റേയും, വി.ഇ.ഒ സമർപ്പിച്ച ടാബുലേഷൻ ഷീറ്റ് പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 3899/രൂപയുടെ ആഞ്ഞില് തടിയിൽ നിർമ്മിച്ച 10 വർഷം ഗ്യാരന്റി ഓഫർ ചെയ്തിട്ടുള്ള കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിന് അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 55 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെൻഡർ ഫോറം പരിശോധിച്ചതിൽ സ്ഥാപനം ക്വോട്ട് ചെയ്ത 3899/രൂപയുടെ ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് 10 വർഷത്ത് ഗ്യാരന്റി ഓഫർ ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിൽ വിതരണം ചെയ്തപ്പോൾ പ്രസ്തുത ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്ഥാപന ഉടമ കരാർ ചമയ്ക്കുന്നതിനായി വാങ്ങി നൽകിയിട്ടുള്ള മുദ്രപ്പത്രം കരാർ എഴുതാതെ ഫയലിൽ ഇട്ടിരിക്കുകയാണ്. ക്വട്ടേഷനിൽ പങ്കെടുത്തതിൽ മറ്റ് സ്ഥാപനങ്ങളും ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റി ഇല്ലാതെ3899/രൂപയിൽ കുറവ് ക്വോട്ട് ചെയ്തിട്ടുണ്ട്. സ്ഥാപന ഉടമ സമർപ്പിച്ച ടെണ്ടറിൽ ആഞ്ഞില് തടിയിൽ നിർമ്മിച്ച ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലുകൾക്ക് ഗ്യാരന്റി പീരിയഡിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ഥ വിലക്വോട്ട് ചെയ്തിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് 2വർഷം ഗ്യാരന്റിയുള്ളതിന് 3199/ രൂപയും 8 വർഷം ഗ്യാരന്റിയുള്ളതിന് 3499/ രൂപയും, 10 വർഷത്ത് ഗ്യാരന്റിയുള്ള കട്ടിലിന് 3899/രൂപയുമാണ് ക്വോട്ട് ചെയ്ടിരിക്കുന്നത്. ടെൻഡർ സ്പെസിഫിക്കേഷനിലുള്ള ആഞ്ഞില് തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റിയില്ലാതെ സ്ഥാപനം ക്വോട്ട് ചെയ്തിരിക്കുന്നത് 2660/ രൂപ മാത്രമാണ്. ഇതിൽ നിന്നും ഗ്യാരന്റി കാലാവധിയ്ക്കനുസരിച്ച് കട്ടിലിന്റെ വിലയിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് സ്ഥാപനം ടെൻഡറിലൂടെ ഓഫർചെയ്ത 10 വർഷത്ത് ഗ്യാരന്റി ലഭിക്കുന്നതിനുള്ള രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2) 140/21 ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 17.02.2021 ലെ 1V-(1)നമ്പർ തീരുമാനപ്രകാരം ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 3879/രൂപയുടെ ആഞ്ഞിലി തടിയിൽ നിർമ്മിച്ച 10 വർഷത്തെ ഗ്യാരന്റി ഓഫർ ചെയ്തിട്ടുള്ള കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിന് അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 47 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെൻഡർ ഫോറം പരിശോധിച്ചതിൽ സ്ഥാപനം ക്വോട്ട് ചെയ്ത 3899/രൂപയുടെ ആഞ്ഞിലി തടിയിൽ നിർമ്മിച്ച നിർമ്മിച്ചകട്ടിലിന് 10 വർഷത്ത് ഗ്യാരന്റി ഓഫർ ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിൽ വിതരണം ചെയ്തപ്പോൾ പ്രസ്തുത ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്ഥാപന ഉടമ കരാർ ചമയ്ക്കുന്നതിനായി വാങ്ങി നൽകിയിട്ടുള്ള മുദ്രപ്പത്രം കരാർ എഴുതാതെ ഫയലിൽ ഇട്ടിരിക്കുകയാണ്. ക്വട്ടേഷനിൽ പങ്കെടുത്തതിൽ മറ്റ് സ്ഥാപനങ്ങളും ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റി ഇല്ലാതെ 3879/രൂപയിൽ കുറവ് ക്വോട്ട് ചെയ്തിട്ടുണ്ട്. സ്ഥാപന ഉടമ സമർപ്പിച്ച ടെണ്ടറിൽ ആഞ്ഞിലി തടിയിൽ നിർമ്മിച്ച ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലുകൾക്ക് ഗ്യാരന്റി പീരിയഡിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ഥ വില ക്വോട്ട് ചെയ്തിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് 4വർഷം ഗ്യാരന്റിയുള്ളതിന് 3399/ രൂപയും 7 വർഷം ഗ്യാരന്റിയുള്ളതിന് 3599/ രൂപയും, 10 വർഷത്ത് ഗ്യാരന്റിയുള്ള കട്ടിലിന് 3879/രൂപയുമാണ് ക്വോട്ട്

ചെയ്തിരിക്കുന്നത്. ടെൻഡർ സ്പെസിഫിക്കേഷനിലുള്ള ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റിയില്ലാതെ സ്ഥാപനം ക്വോട്ട് ചെയ്തിരിക്കുന്നത് 2660/ രൂപ മാത്രമാണ്. ഇതിൽ നിന്നും ഗ്യാരന്റി കാലാവധിയ്ക്കനുസരിച്ച് കട്ടിലിന്റെ വിലയിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് സ്ഥാപനം ടെൻഡറിലൂടെ ഓഫർചെയ്ത 10 വർഷത്ത് ഗ്യാരന്റി ലഭിക്കുന്നതിനുള്ള രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8 /20-21 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുള്ള മുദ്രപേപ്പറിൽ കരാർ എഴുതിച്ചേർക്കുന്നതാണ് എന്നും, 10 വർഷത്തെ ഗ്യാരന്റി പേപ്പർ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ വിലയിൽ വലിയ വ്യത്യാസം നൽകി വാങ്ങൽ നടത്തുകയും ഗുണഭോക്താവിന് ഗ്യാരന്റിയുടെ ലഭ്യത ഉറപ്പാക്കാതിരിക്കുകയും ചെയ്തത് ശരിയല്ല. അപാകതകൾ പരിഹരിക്കുന്നതുവരെ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 408395 രൂപയുടെ ( 214445+ 193950) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് വാങ്ങി നിർമ്മാണം ആരംഭിച്ചിട്ടില്ല

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ല. 25.09.2020 ലെ 1(2) നമ്പർ തീരുമാനപ്രകാരം പ്രസ്തുത ഗുണഭോക്താക്കൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 04.11.2020 ൽ റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക | ഫണ്ടിനം | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | ഉണ്ണികൃഷ്ണൻ. ആർ, വേലംകുന്നേൽ, തീക്കോയി.പി.ഒ., വാർഡ് 1 | 50000/ | S.C.P | 06.01.19 |
| 2 | ജിഷ്ണു ഗോപി, നീലിയറപറമ്പിൽ, വെള്ളികുളം, വാർഡ് V11 | 50000/ | S.C.P | 23.02.19 |

റവന്യൂ റിക്കവറി നോട്ടീസിന് മറുപടി ലഭിച്ചതിന്റേയും സ്വീകരിച്ച തുടർ നടപടികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/20-21 ന് ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി നോട്ടീസിന് മറുപടി ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ട് ആറ് മാസങ്ങൾ കഴിഞ്ഞിട്ടും മറുപടി ലഭിക്കാതിരുന്നിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്നത് അംഗീകരിക്കാവുന്നതല്ല. വാസയോഗ്യമായ വീടുള്ള ഒരു ഗുണഭോക്താവിന് പഠനാവശ്യത്തിന് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനായി നൽകിയ ആനുകൂല്യം ഉപയോഗിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ലഭിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വീട് വാസയോഗ്യമാക്കൽ (എസ്.സി) -പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. നടപ്പാക്കിയ നമ്പർ 78/21 വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ട് എസ്. സി. പി. യിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം 250000/രൂപ ചെലവഴിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾക്ക് 50000/രൂപ വീതം വിതരണം ചെയ്തതിൽ ഒരു ഗുണഭോക്താവ് പണിപൂർത്തീകരിച്ച് മുഴുവൻ തുകയും ( ഒരു ലക്ഷംരൂപ) കൈപ്പറ്റിയതൊഴിച്ചാൽ മറ്റ് മൂന്ന് ഗുണഭോക്താക്കളും പണി പൂർത്തീകരിച്ച് അവസാന ഗഡു വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ഫയൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക | ബിൽ നം- തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഗണേശൻ, നെല്ലില്ല, തീക്കോയി.പി.ഒ, വാർഡ് 2 | 50000/ | 29/ 12.02.21 |
| 2 | സുചിത്ര.റ്റി.എസ്, തോട്ടുമൂലയിൽ, തീക്കോയി.പി.ഒ, വാർഡ് 1 | 50000/ | 35/12.02.21 |
| 3 | ചന്ദ്രൻ.കെ, കാക്കനാട്ട് ഒഴുകയിൽ, വാർഡ് 111 | 50000/ | 45/19.03.21 |

ആദ്യ ഗഡു 50000/ രൂപ വീതം നൽകിയതിന്റെ വിവരം മാത്രമാണ് ഫയലിൽ ഉള്ളത്. വീട് മെയിന്റനൻസ് പൂർത്തീകരിച്ച് അവസാന ഗഡു തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വീട് മെയിന്റനൻസ് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 150000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വീട് വാസയോഗ്യമാക്കൽ ( പട്ടിക വർഗ്ഗം) - പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. നടപ്പാക്കിയ നമ്പർ 71/21 വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ട് പ്രകാരം 12.02.21 ൽ 75000/ ( ബിൽ നമ്പർ 30/12.02.21) രൂപ കൈപ്പറ്റിയ തങ്കമ്മ തങ്കച്ചൻ, വടക്കേമുറിയിൽ വാർഡ് V111, പണി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വീട് മെയിന്റനൻസ് പൂർത്തീകരിച്ച് അവസാന ഗഡു തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 75000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കറണ്ട് ചാർജ് -ബില്ല്-രസീത് ഹാജരാക്കിയില്ല

വൗച്ചർ നമ്പർ 22000988/22.03.2021 പ്രകാരം എസ്.സി കൾച്ചറൽ സെന്ററിന്റെ കറന്റ് ചാർജിനത്തിൽ 1061 രൂപ അടവാക്കിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച കെ.എസ്.ഇ.ബി യു ടെ ബില്ലുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ടി സാഹചര്യത്തിൽ അടവാക്കിയ 1061 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 മരാമത്ത് പ്രവൃത്തിയിൽ കരാർ വയ്ക്കുന്നതിൽ കാലതാമസ്സം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണംനടത്തിയ മരാമത്ത് പ്രവൃത്തിയിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന പിഴ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.229/21 തീക്കോയ് കല്ലം വേളാശ്ശേരി റോഡ് റീ ടാറിങ്ങ്

| | |
|---|---|
| കരാറുകാരൻ | ശ്രീ.ഷിജു ജോർജ്.മൂഞ്ഞനാട്ട്. |
| കരാർ നമ്പർ/തീയതി | 94/എ.ഇ/എൽ,എസ്.ജി.ഡി /റ്റി.കെ.വൈ/19-20 തീയതി 31.03.2020 |
| അടങ്കൽ<br>പി.എ.സി | 3,00,000/-മെയിൻറനൻസ് ഫണ്ട് (റോഡ്)<br>267795.65/- |
| സെലക്ഷൻ നോട്ടീസ് | 57/എ.ഇ/എൽ,എസ്.ജി.ഡി /റ്റി.കെ.വൈ/19-20 തീയതി 07.03.2020 |
| സൈറ്റ് കൈമാറിയ തീയതി | രേഖ ലഭ്യമാക്കിയിട്ടില്ല |
| കരാർ വയ്ക്കേണ്ട അവസാനതീയതി | 20.03.2020 |

| | |
|---|---|
| പൂർത്തീകരണ തീയതി | 01.02.2021 |
| എം.ബുക്ക് നം | 31/20-21 |
| ചെലവ്- ബിൽ നം. 60/തീയതി15.02.2021 | ഫസ്റ്റ് & ഫൈനൽ<br>ആകെ പ്രവർത്തിമൂല്യം-265490<br>ജി.എസ്.റ്റി (കൂട്ടുക12%)-15929<br>ആകെ- 297348/-<br>കരാറുകാരന് - 282613/-<br>നി.തൊ ക്ഷേ.നി-2628/-<br>സെസ്സ് -27<br>ജി.എസ്.റ്റി- 5310/-<br>ആദായനികുതി- 2735/-<br>ആകെ 297348/- |

കരാറുകാരനായ ശ്രീ.ഷിജു ജോർജ്.മുഞ്ഞനാട്ടിന് 07/03/2020ൽ നല്കിയ സെലക്ഷൻ നോട്ടീസ് പ്രകാരം 20/03/2020 വരെ പിഴ കൂടാതെ കരാർ വയ്ക്കുന്നതിന് സമയം നല്കിയിരുന്നു എന്നാൽ 30.03.2020ൽ മാത്രമാണ് കരാർ വയ്ക്കാൻ തയ്യാറായത്. കരാർ വയ്ക്കാൻ വൈകിയ സാഹചര്യത്തിൽ നിയമാനുസൃതമുള്ള 1% പിഴയായ 2678/-രൂപ ഈടാക്കിയിട്ടില്ല.പിഴ ഈടാക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം3/26.07.2021 )ലഭ്യമാക്കിയ മറുപടിയിൽ ടാർവില വർദ്ധനവ് കാരണം നഷ്ടത്തിലായ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നത് അധിക ബാദ്ധ്യതയാകുമെന്ന് അസി.എഞ്ചിനീയർ മറുപടി നൽകി.മറുപടി സ്വീകാര്യമല്ല.പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - വാങ്ങിയ ലൈറ്റ് വിതരണം നടത്തിയതായോ ഇൻസ്റ്റാൾ ചെയ്തതായൊ രേഖയില്ല.

പ്രോജക്ട് നം.165/20-21

വിഭാഗം. ജനറൽ

അടങ്കൽ-125000/-

ചെലവ്- 125000/- ബിൽ നം 13/20-21 തീയതി- 30.07.2020

2020-21വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പദ്ധതിയിൽ ടെണ്ടർക്ഷണിച്ച് വിനോദ് റ്റി.കെ എന്ന വ്യക്തിയിൽ നിന്നും ക്രോപ്ടൻ കമ്പനിയുടെ 40വാട്ട് ട്യൂബ് 25എണ്ണവും,9 വാട്ട് എൽ.ഇ.ഡി 88 എണ്ണവും 29.01.2020ലെ 101-ാം നം ഇൻവോയ്സ് പ്രകാരം വാങ്ങി. തുക അക്കൗണ്ട് നം 1962020000000263 ലേക്ക് കൈമാറിനൽകി. ഇങ്ങനെ ആകെ ട്യൂബ് 25എണ്ണവും, 9 വാട്ട് എൽ.ഇ.ഡി 88 എണ്ണവും വാങ്ങുകയും ഇവ സ്റ്റോക്കിലെടുക്കുകയും ചെയ്തു എന്നാൽ ഇൻസ്റ്റലേഷൻ നടത്തിയതായി ഫയലിൽ രേഖയില്ല.ലൈറ്റുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം2/22.07.2021 )മറുപടിയായി ലൈറ്റുകൾ വിനിയോഗത്തിന് നൽകി എന്ന് മറുപടി നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.രേഖകൾ ലഭ്യമാക്കാത്തതിനാൽ 125000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അംഗനവാടിഹാളുകൾക്ക് കസേരവാങ്ങൽ - വാങ്ങിയ കസേരകൾ വിതരണം നടത്താതെ പഞ്ചായത്ത് ഹാളിൽ സൂക്ഷിച്ചിരിക്കുന്നു.

.

പ്രോജക്ട് നം.191/20-21

വിഭാഗം. ജനറൽ

അടങ്കൽ-150883/-

ചെലവ്- 150633/- ബിൽ നം 3/20-21 തീയതി- 24.04.2020

2020-21വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ

അംഗനവാടികൾക്ക് കസേരവാങ്ങൽ എന്ന പദ്ധതിയിൽ ടെണ്ടർക്ഷണിച്ച് കണ്ടത്തിചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും നീൽകമൽ കമ്പനിയുടെ 4002,2160 എന്നീ ഇനങ്ങളിൽപ്പെട്ട കസേരകൾ യഥാക്രമം 342എണ്ണവും 15എണ്ണവും 29.01.2020ലെ 101-ാം നം ഇൻവോയ്സ് പ്രകാരം വാങ്ങി തുക സ്ഥാപനത്തിന്റെ അക്കൗണ്ട് നം 67268668986 ലേക്ക് കൈമാറിനൽകി. ഇങ്ങനെ ആകെ 357കസേരകൾ വാങ്ങിയെങ്കിലും ഈ കസേരകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി ഫയലിൽ രേഖയില്ല.കസേരകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.കസേരകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം1/22.07.2021 )മറുപടിയായി കോവിഡ് പ്രതിസന്ധി കാരണത്താൽ കസേരകൾ വിതരണം നടത്താനായില്ല എന്നും ഇവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി.കസേരകൾ വിതരണം നടത്തി രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല

2020-21 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച 34,61,864/-രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക | നിർവ്വഹണഏജൻസി | ബിൽ നം / തീയതി |
|---|---|---|---|---|
| 1 | 200/21ആനയിളപ്പ്-വഴിക്കടവ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 5,49,880/- | കെ.എസ്. ഇ.ബി പാലാ ഡിവിഷൻ അക്കൗണ്ട് നം 67226247413 | 39/10.03.2021 |
| 2 | 272/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1)6,37,732/-<br>2)99,946/- | കെ.എസ്. ഇ.ബി പാലാ ഡിവിഷൻ അക്കൗണ്ട് നം 67226247413 | 49/29.03.2021<br>50/29.03.2021 |
| 3 | 144/21 പഞ്ചായത്ത് ഓഫീസിലും അനുബന്ധസ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ | 10,10,000 | അനെർട്ട് അക്കൗണ്ട് നം 67141690552 | 38/10.03.2021 |
| 4 | 198/21 ഞണ്ട്കല്ല് തേവരുപാറ റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 149978 | കെ.എസ്. ഇ.ബി പാലാ ഡിവിഷൻ അക്കൗണ്ട് നം 67226247413 | 27/20-21തീയതി 25/11/2020 |
| 5 | 199/21, 12-ാം വാർഡിൽ വിവിധസ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 99828/- | കെ.എസ്. ഇ.ബി പാലാ ഡിവിഷൻ അക്കൗണ്ട് നം 67226247413 | 12/20-21തീയതി 27/07/20 |
| 6 | 190/21ആനയിളപ്പ്-വഴിക്കടവ് സ്ട്രീറ്റ് ലൈൻ വലിക്കൽ/സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 914500 | കെ.എസ്. ഇ.ബി പാലാ ഡിവിഷൻ അക്കൗണ്ട് നം 67226247413 | 5/20-21തീയതി 12.05.2020 |
| | ആകെ | 34,61,864/- | | |

വിവധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചതല്ലാതെ ഈ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടില്ല. വിനിയോഗവിവരം ലഭ്യമാകുന്നതുവരെ 34,61,864/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ചെലവ് വിവരങ്ങൾ ലഭ്യമല്ല.

1.മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ ആർദ്രം പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 122/21 |
| പ്രോജക്ട് | ആർദ്രം |
| അടങ്കൽ ആകെ | ധനകാര്യകമ്മീഷൻ ഗ്രാന്റ് -1341465<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) -308537<br>മറ്റുള്ളവ -1000000<br>2650002 |
| ചെലവ് | ബിൽ നമ്പർ 16/20-21/19.03.21 പ്രകാരം1341465 |

ടി തുക ജില്ല ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ സൊസൈറ്റി ആരോഗ്യകേരളം കോട്ടയം എന്ന സ്ഥാപനത്തിനാണ്(അക്കൗണ്ട് നമ്പർ 626701034909)കൈമാറിയിട്ടുള്ളത്.ആർദ്രം പദ്ധതി പ്രകാരം കൈമാറിയ 1341465 രൂപയുടെ വിനിയോഗ വിവരങ്ങൾ ഒന്നും തന്നെ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച 1341465 രൂപ

തടസ്സപ്പെടുത്തുന്നു.

2 ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 125/21 |
| പ്രോജക്ട് | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം പദ്ധതി |
| അടങ്കൽ ആകെ | വികസന ഫണ്ട് -50000<br>മറ്റുള്ളവ -100000<br>150000 |
| ചെലവ് | ബിൽ നമ്പർ 22/20-21 /31.03.21/50000 |

ടി തുക സെക്രട്ടറി കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പേരിലാണ് നൽകിയിട്ടുള്ളത് .എന്നാൽ നാളിതുവരെ ടി തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ചെലവഴിച്ച 50000 രൂപ തടസ്സപ്പെടുത്തുന്നു.

മേൽ തടസ്സപ്പെടുത്തിയ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ പി .എച്ച്.സി

1 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ മരുന്നുവാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി2020-21 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 206/21 |
| പ്രോജക്ട് | ആശുപത്രിക്ക് മരുന്നു വാങ്ങിനൽകൽ |
| അടങ്കൽ | വികസന ഫണ്ട് (റോഡിതരം)-100000 |
| ചെലവ് | ബിൽ നമ്പർ 5/0-21 /21.08.20 |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ ആശുപത്രിക്ക് മരുന്നു വാങ്ങിനൽകൽ എന്ന പദ്ധതിയ്ക്ക് വേണ്ടി 100000 രൂപ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറിന് നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.ആയതിനാൽ ചെലവഴിച്ച100000 രൂപ തടസ്സപ്പെടുത്തുന്നു.

2 മെഡിക്കൽ ഓഫീസർ ഹോമിയോ.

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 150000 രൂപ ഹോംകോയിലയ്ക്ക് ഇൻവോയ്സ് നമ്പർ എൽ.എഫ്-1877/14/12/2020 പ്രകാരം അടവാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 164/21(സ്പിൽ ഓവർ) |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 150000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 150000/ബിൽ നമ്പർ01/19-20 /28.03.20 |

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപതിക് കോ -ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.എന്നാൽ ആകെ 64718 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 85282 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുവാനുണ്ട് .ടി സാഹചര്യത്തിൽ 85282 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 97/21 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 200000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 200000/ബിൽ നമ്പർ01/20-21 /12.05.21 |

ഹോം കോയിലേയ്ക്ക് അടവാക്കിയ 200000 രൂപയിൽ 52072 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 147928 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ഹോം കോ ലഭ്യ മാക്കേണ്ടതുണ്ട്.

ആയതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.ആകെ രണ്ടു പദ്ധതികളിലുമായി 233210 (85282+147928) മരുന്നുകൾ ലഭ്യമാകേണ്ടതുണ്ട്.

4. ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 098/21 |
| പ്രോജക്ട് | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങല് |
| അടങ്കൽ | 500000 |
| ചെലവ് | ബിൽ നമ്പർ 01/20-21/18.08.20 |

ഫാർമസ്യൂട്ടിക്കൽ കോ ഓപ്പറേഷൻ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 500000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നു ലഭിച്ചിട്ടില്ല.ആയതിനാൽ ചെലവഴിച്ച 500000 രൂപ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ നടപ്പിലാക്കിയ മരുന്നു വാങ്ങൽ പദ്ധതിയുടെ ഭാഗമായി ലഭിക്കുവാനുള്ള മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 259/21, സുഭിക്ഷ കേരളം-കൃഷി കൂലിച്ചെലവ് സബ്സിഡി | 100000 | 0 |
| | 100000 | 117/21,പാലിയേറ്റീവ് കെയർ | 89591 | 10409 |
| | 32225 | 217/21, പാലിയേറ്റീവ് കെയർ | 32225 | 0 |
| | 5000000 | 72/21, ലൈഫ്- എസ് ടി | 200000 | 4800000 |
| | 6400000 | 80/21, ലൈഫ്-ജനറൽ | 50000 | 6350000 |
| | 439176 | 212/21, ലൈഫ് -എസ് ടി | 100000 | 339176 |
| | 500000 | 186/21, പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വയോജനങ്ങൾക്ക് വിശ്രമകേന്ദ്രത്തിനുള്ള കെട്ടിട നിർമാണം | 500000 | 0 |
| | 50000 | 88/21, പാലിന് സബ്സിഡി | 50000 | 0 |
| | 78510 | 148/21, പാലിന് സബ്സിഡി | 78510 | 0 |
| ജില്ലാ പഞ്ചായത്ത് | 4900000 | 72/21, ലൈഫ്- എസ് ടി | 420000 | 4480000 |
| | 3900000 | 79/21, ലൈഫ് എസ് സി | 425000 | 3475000 |
| | 5000000 | 80/21, ലൈഫ്-ജനറൽ | 400000 | 4600000 |
| | 300000 | 107/21, ശാരീരിക മാനസിക വെല്ലുവിളികൾ | 300000 | 0 |

| | | | | |
|---|---|---|---|---|
| | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| | 110438 | 219/21, അനുപൂരക പോഷകാഹാര വിതരണം | 110438 | 0 |

## 4-2 ഡപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 200/21ആനയിളപ്പ്-വഴിക്കടവ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 5,50000 | 5,49,880/- | 120 |
| | 272/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1312500 | 737678 | 574822 |
| | 198/21ഞണ്ട് കല്ല് തേവരുപാറ റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 150000 | 149978 | 22 |
| | 199/21,12-ാം വാർഡിൽ വിവിധസ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 100000 | 99828 | 172 |
| | 190/21ആനയിളപ്പ്-വഴിക്കടവ് സ്ട്രീറ്റ് ലൈൻ വലിക്കൽ/സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 915000 | 914500 | 500 |
| അനേർട്ട് | 144/21 പഞ്ചായത്ത് ഓഫീസിലും അനുബന്ധസ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ | 1015000 | 1010000 | 5000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1010000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി, കെ.യു.ആർ.ഡി, എഫ്,സി | | 1010000 | 11459789 | 1229411 | - | 11240378 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം വരവില്ല. എന്നാൽ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിന്റെയും എൻക്വയറികളുടെയും അടിസ്ഥാനത്തിൽ ഖ.3-1(2),3-1(3) ഖണ്ഡികകൾക്ക് രസീത് നം. 120010100702/8.10.2020 പ്രകാരം 5491/- രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 57592671 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 55440500 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 6445995 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 408395 | ശ്രീ. അർജ്ജുൻ മോഹൻ എം., വി.ഇ.ഒ. |
| 1-17 | 150000 | ,, |
| 1-18 | 75000 | ,, |
| 1-19 | 1061 | ശ്രീ കെ. സാബുമോൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-21 | 125000 | ,, |
| 1-23 | 914500<br>2547364 | ശ്രീമതി സാറാമ്മ ജോസഫ്, സെക്രട്ടറി<br>ശ്രീ കെ. സാബുമോൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-24(1) | 1341465 | ഡോ. ബിബിൻ രാജ്, മെഡിക്കൽ ഓഫീസർ PHC |
| 1-24(2) | 50000 | ,, |
| 1-25(1) | 100000 | ,, |
| 1-25(2) | 85282 | ഡോ. സൗമ്യലക്ഷ്മി , മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-25(3) | 147928 | ,, |
| 1-25(4) | 500000 | ഡോ. അനീഷ് ഷർമ്മ മെഡിക്കൽ ഓഫീസർ ആയുർവേദം |
| ആകെ | 6445995 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-13

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി2/985/96/4.01.97/ 16.4.97 | |
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(1)/3.12.18 | 1 |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | -- |
| 1999-00 | എൽ.എഫ്.കെ.പി2/1253/അദാ/14(2)/ 08.01.15 | 2 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.18) 218(3)/03.02.18 | -- |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(10)/17.03.18 | 1 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(2)/03.02.18 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(4)/03.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(5)/03.02.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(6)/03.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി13/232/10/11.06.13 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(7)/03.02.18 | 3 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(8)/03.02.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(11)/ 17.03.18 | 5 |
| 2011-12, 2012-13 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(9)/ 03.02.18 | 3 |
| 2013-14, 2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/906/ 17/23.11.18 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1798/ 18/05.12.18 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14/1799/ 18/24.01.19 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/2022/ 2018/28.11.18/22.2.19 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/1123/ 2019/23.8.19 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്